# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.404

## 26-04-2017 ൽ മറുപടിക്ക്

**കിഫ്ബിയിലെ നിയമനം**

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ കിഫ്ബിയിൽ നാളിതുവരെ എത്ര ഉദ്യോഗസ്ഥരേയും കൺസൾട്ടന്റുമാരെയും സാങ്കേതിക വിദഗ്ധരെയും നിയമിച്ചിട്ടുണ്ട്; ഇവരുടെ വേതനത്തിനും ഫീസിനും മറ്റുചെലവുകൾക്കുമായി പ്രതിമാസം എത്ര രൂപ ചെലവ് വരുമെന്ന് വിശദമാക്കാമോ; | 14.02.2017 ലെ സ.ഉ.(കൈ)നം 77/2016/ധന ഉത്തരവ് പ്രകാരം കിഫ്ബിയുടെ പ്രൊജക്ട് അപ്രൈസൽ വിഭാഗത്തിൽ ധനകാര്യ വകുപ്പിൽ നിന്നും ഒരു അഡീഷണൽ സെക്രട്ടറിയെ ജനറൽ മാനേജർ തസ്തികയിലും ഒരു അണ്ടർ സെക്രട്ടറിയെ പ്രോജക്ട് മാനേജർ തസ്തികയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ വേതനം സർക്കാർ തസ്തികയിൽ നിശ്ചയിച്ചിട്ടുള്ള അതേ നിരക്കിലാണ് നൽകി വരുന്നത്. കൂടാതെ കിഫ്ബിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പിലേക്ക് അസിസ്റ്റന്റ് മനേജർ തസ്തികയിൽ സെബിയിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനത്തിന് നിശ്ചയിച്ചിട്ടുള്ള അതേ നിരക്കിൽ വേതനം നൽകി വരുന്നു. കിഫ്ബിയിൽ സമർപ്പിക്കുന്ന പദ്ധതികളുടെ അവലോകനത്തിനായി 16.03.2017 ലെ ജോയിന്റ് ഫണ്ട് മാനേജർ, കിഫ്ബിയുടെ നടപടിക്രമമനുസരിച്ച് ടെറനസ് കൺസൽറ്റന്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ സേവനം മണിക്കൂർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിവര സാങ്കേതിക സേവനത്തിനായി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഇ. യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഉദ്യോഗസ്ഥരേയും | ഉണ്ട്. 14.02.2017 ലെ സ. ഉ (കൈ)നം.77 ഉത്തരവ് പ്രകാരം |

| | |
|---|---|
| കൺസൾട്ടന്റുമാരെയും സാങ്കേതിക വിദഗ്ധരെയും നിയമിക്കുവാൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എഴുത്തു പരീക്ഷയോ ഇന്റർവ്യൂവോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് നടത്തിയത്; | ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവ ബാധകമല്ല. കൺസൽറ്റന്റുമാരെ ഷോർട്ട് ക്വട്ടേഷൻ മുഖാന്തിരമാണ് നിയമിച്ചിട്ടുള്ളത്. മറ്റ് തസ്തികകളിലേക്ക് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ നിയമനം നടത്തുകയുള്ളൂ. |
| (സി) ഇത്തരം ഉദ്യോഗസ്ഥരെ നിയമിച്ചതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | കിഫ്ബിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് 07.11.2016 ൽ കൂടിയ കിഫ്ബിയുടെ 27ാമത് ബോർഡ് യോഗം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 14.02.2017 ലെ സ. ഉ (കൈ) നം.77/17/ധന ഉത്തരവ് പ്രകാരം കിഫ്ബിയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ആവശ്യാനുസരണം നിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) മുംബെയിലെ ഫോർട്രെസ്സ് ക്യാപിറ്റൽ മാനേജ്മെന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കൺസൾട്ടൻസി സേവനം ഇപ്പോഴും ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ അവർക്കു നൽകിയ വേതനവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | മുംബൈയിലെ ഫോർട്രെസ്സ് ക്യാപിറ്റൽ മനേജ്മെന്റ് സർവീസസ് ലിമിറ്റഡിനെ കിഫ്ബിയിൽ കൺസൽറ്റന്റായി നിയമിച്ചിട്ടില്ല. |
| (ഇ) കിഫ്ബിക്കും അതിലെ ഉദ്യോഗസ്ഥന്മാർക്കുമായി നാളിതുവരെ എത്ര വാഹനങ്ങൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്; ഇതിലേക്ക് ചെലവായ തുക വിശദമാക്കാമോ? | കിഫ്ബിയിൽ ഔദ്യോഗിക ആവശ്യത്തിലേക്കായി മാസം 30,000 രൂപ വ്യവസ്ഥയിൽ കരാർ അടിസ്ഥാനത്തിൽ രണ്ട് വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ